**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്ത് തല നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ലൈഫ് 2020 പ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകാനാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15.11.2022-ലെ സ.ഉ. (സാധാ) നം. 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12,845 ഗുണഭോക്താക്കൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |
| (ബി) | അതിനായി ഫണ്ട് എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട്, സംസ്ഥാന ബജറ്റ് തുക, വായ്പ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിലൂടെ ടി പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണ ത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) നം. 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ ഏറനാട് മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമിക്കാൻ | (സി) | അനുബന്ധം (1) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്നതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിയിലേക്ക് ഏറനാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗവിഭാഗം ഉൾപ്പെടെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും; അതിൽ എത്ര അപേക്ഷകൾ നിരസിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ വിശദമാക്കാമോ; | (ഡി) | പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർക്കുന്നു . 27.07.2020-ലെ സ.ഉ.(എംഎസ്) 112/2020/തസ്വഭവ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കി യിട്ടുള്ളത്. |
| (ഇ) | പദ്ധതി ആരംഭിക്കുന്നതിന് ഉണ്ടായ കാലതാമസം എന്തുകൊണ്ടാണെന്നും എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്നും വ്യക്തമാക്കുമോ? | (ഇ) | 2022 ആഗസ്റ്റ് 16-ന് ലൈഫ് 2020 ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 15.11.22-ലെ സ.ഉ.(സാധാ) നം. 2806/2022 ത.സ്വ.ഭ.വ, സ.ഉ. (സാധാ) നം. 2807/2022 ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| **Local body** | Homeless with land | Landless Homeless |
| --- | --- | --- |
| | Eligible | Eligible |
| Areekkode | 146 | 66 |
| Chaliyar | 411 | 143 |
| Edavanna | 432 | 122 |
| Kavannur | 302 | 64 |
| Keezhuparamba | 153 | 40 |
| Kuzhimanna | 138 | 55 |

# അനുബന്ധം -2

| Local body | Homeless with land | | | | | | Landless | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Applicants | | Eligible | | Ineligible | | Applicants | | Eligible | | Ineligible | |
| | SC | ST | SC | ST | SC | ST | SC | ST | SC | ST | SC | ST |
| Chaliyar | 43 | 58 | 18 | 48 | 25 | 10 | 33 | 19 | 28 | 18 | 5 | 1 |
| Edavanna | 198 | 26 | 111 | 16 | 87 | 10 | 41 | 3 | 31 | 2 | 10 | 1 |
| Urangattiri | 153 | 94 | 91 | 59 | 62 | 35 | 73 | 6 | 60 | 5 | 13 | 1 |
| Kavannur | 126 | 0 | 98 | 0 | 28 | 0 | 37 | 1 | 28 | 1 | 9 | 0 |
| Keezhuparamba | 58 | 0 | 39 | 0 | 19 | 0 | 18 | 0 | 15 | 0 | 3 | 0 |
| Kuzhimanna | 97 | 0 | 53 | 0 | 44 | 0 | 40 | 1 | 31 | 1 | 9 | 0 |
| Areekkode | 114 | 0 | 61 | 0 | 53 | 0 | 52 | 0 | 45 | 0 | 7 | 0 |